**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898** **06-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിന് ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിന് ഇൻസെന്റീവ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 29.09.2012-ലെ ജി.ഒ.(ആർ.റ്റി) 486/12/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലി ക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിരക്കിലുമാണ് ധന സഹായം നൽകുന്നത്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാർ പ്രമുഖ ദിനപത്രങ്ങൾ മുഖേനയും വനം വകുപ്പിന്റെ വെബ് സൈറ്റിലും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകുന്നു. അപേക്ഷ സമയത്ത് മിനിമം ഒന്നുമുതൽ രണ്ട് വർഷം വരെ വളർച്ചയെത്തിയ 50 തൈകളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. സ്ഥലം ഉടമസ്ഥൻ ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ബന്ധപ്പെട്ട റെയിഞ്ച് ഓഫീസർമാരുടെ ഫീൽഡ് പരശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ